# Malayala Manorama
# 17 August 2018
# Alappuzha: Flood hit, Flood victims

## ആലപ്പുഴയിൽ
# രക്ഷയ്ക്കായി നിലവിളിച്ച് പതിനായിരങ്ങൾ

**ആലപ്പുഴ** ▶ ചെങ്ങന്നൂരിലും കുട്ടനാട്ടും കാർത്തികപ്പള്ളിയിലും പ്രളയ സാഗരം. അരലക്ഷത്തിലധികം വീടുകൾ വെള്ളത്തിലായി. ഒറ്റനില വീടുകൾ പൂർണമായും വെള്ളക്കെട്ടിലമർന്നു. നാവികസേനയുടെ ഹെലിക്കോപ്റ്ററുകളിൽ രക്ഷപ്പെടാൻ കാത്തിരിക്കുന്നതിൽ സ്ത്രീകളും കുട്ടികളും ഉൾപ്പെടും. മലവെള്ള പ്രവാഹം രക്ഷാപ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്.

പമ്പയാർ കരകവിഞ്ഞ് അഞ്ചു കിലോമീറ്ററിലധികം വ്യാപിച്ച് ഒഴുകിയതാണ് പ്രളയത്തിന് കാരണമായത്. ചെങ്ങന്നൂരിൽ ഇരുനില വീടുകളുടെ ഒന്നാംനിലയിൽ കയറി നിൽക്കുന്നവരെ രക്ഷിക്കാൻ നാവിക, സേനയും രക്ഷാപ്രവർത്തകരും അഗ്നിരക്ഷാസേനയും അശ്രാന്ത പരിശ്രമത്തിലാണ്. ബുധനാഴ്ച രാവിലെ കയറിത്തുടങ്ങിയ മലവെള്ളം വ്യാഴാഴ്ചയും ഉയർന്നുകൊണ്ടേയിരിന്നു.

ചെങ്ങന്നൂർ, പാണ്ടനാട്, കല്ലിശ്ശേരി ഭാഗങ്ങൾ ഒറ്റപ്പെട്ടു. കുട്ടനാട് വീണ്ടും പ്രളയക്കെടുതിലായി. കുട്ടനാട് ഇക്കുറി പൂർണമായും ഒറ്റപ്പെട്ടുകിടക്കുകയാണ്. തൊട്ടടുത്ത കാർത്തികപ്പള്ളി താലൂക്കും മഴക്കെടുതിയിലാണ്. ആയിരക്കണക്കിന് ആളുകൾ വീടുകളിൽനിന്ന് ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറി. ജില്ലയിൽ നൂറിലേറെ ദുരിതാശ്വാസക്യാമ്പുകളാണ് പ്രവർത്തിക്കുന്നത്.

ചെങ്ങന്നൂർ, കുട്ടനാട്, കാർത്തികപ്പള്ളി താലൂക്കുകളിൽ വൈദ്യുതിബന്ധമില്ല. കുടിവെള്ളവും ഭക്ഷണവും കിട്ടാത്ത അവസ്ഥയുമുണ്ട്. വെള്ളക്കെട്ടിനെ തുടർന്ന് എ.സി. റോഡ് അടച്ചു. തീവണ്ടി ഗതാഗതം താറുമാറായി. കെ.എസ്.ആർ.ടി.സി .വെള്ളപ്പൊക്ക മേഖലകളിൽ സർവീസ് നിർത്തി. ജില്ലാ കളക്ടർ എസ്. സുഹാസിൻെറയും ജില്ലാ പോലീസ് മേധാവി എസ്. സുരേന്ദ്രൻെറയും നേതൃത്വത്തിൽ രക്ഷാ പ്രവർത്തനം പുരോഗമിക്കുകയാണ്. 2000 പോലീസുകാരും അഗ്നിരക്ഷാസേനയും ദേശീയ ദുരന്തനിവാരണസേനയും രക്ഷാപ്രവർത്തനത്തിനുണ്ട്.